# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3390

25..06..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## ദേശീയ സമ്പാദ്യ പദ്ധതിയിലെ പലിശ

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. സണ്ണി ജോസഫ്
ശ്രീ. പാലോട് രവി
ശ്രീ. എ.റ്റി.ജോർജ്ജ്

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | ദേശീയ സമ്പാദ്യ പദ്ധതിയിലെ പലിശ പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദമാക്കാമോ; | ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ പലിശ സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവില്ല. |
| ബി | ഈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പലിശ വിഹിതം എത്രയാണ്; | പദ്ധതിയിലെ നിക്ഷേപങ്ങൾക്കുള്ള പലിശ കേന്ദ്ര സർക്കാരാണ് നൽകുന്നത്. ദേശീയ സമ്പാദ്യ പദ്ധതിയിൽ അതത് സംസ്ഥാനങ്ങളിൽ സമാഹരിക്കുന്ന തുക മുഴുവൻ ദീർഘകാല വായ്പയായി സംസ്ഥാന സർക്കാരുകൾക്ക് തന്നെ നൽകികൊണ്ടിരിക്കുന്നു. ഈ വായ്പയുടെ നിലവിലുള്ള പലിശ നിരക്ക് 9.5% ആണ്. |
| സി | പലിശ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ